കെ.എസ്.ഇ.ബി.യുടെ കീഴിൽ ആശുപത്രികൾ

159 (942)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ കീഴിൽ ആശുപത്രികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് എവിടെയൊക്കെയാണ്;

(സി) ഈ ആവശ്യത്തിന് വിദേശ ധനസഹായം ലഭിക്കാൻ സാദ്ധ്യതയുണ്ടോ;

(ഡി) എങ്കിൽ ഇത് എവിടെ നിന്നാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി)&(ഡി) പ്രസക്തമല്ല.

മേപ്പയൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി

160 (943)ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ നിയോജക മണ്ഡലത്തിലെ കരുവഞ്ചേരി കളരിക്കുന്ന് ശുദ്ധജല വിതരണ പദ്ധതിയുടെ ജോലികൾ പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ നൽകിയെങ്കിലും വോൾട്ടേജ് ക്ഷാമം പരിഹരിക്കാത്തതിനാൽ ജനങ്ങൾക്ക് കുടിവെള്ളം എത്തിച്ച് കൊടുക്കാൻ കഴിയാത്ത അവസ്ഥയുളവായിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച കരുവഞ്ചേരി വാർഡ് വികസന സമിതി കൺവീനർ എം. ചെക്കായി 6/4/99-ന് നൽകിയ നിവേദനത്തിന്മേൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മേയൂർ നിയോജകമണ്ഡലത്തിലെ കരുവഞ്ചേരി കളരിക്കുന്ന് ശുദ്ധജല വിതരണ പദ്ധതിക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. ഈ കണക്ഷൻ നൽകുന്നതിന്, എസ്റ്റിമേറ്റ് തുകയായ 1,21,750 രൂപ ബ്ലോക്ക് പഞ്ചായത്ത് നാളിതുവരെ അടയ്ക്കാത്തതുകൊണ്ടാണ് കണക്ഷൻ നൽകാത്തത്.

(ബി) കരുവഞ്ചേരി-കളരിക്കുന്ന് ഭാഗങ്ങളിൽ പൊതുവേയുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന് കാണിച്ചാണ് ശ്രീ. എം. ചെക്കായി പരാതി നൽകിയത്. പ്രസ്തുത ഭാഗങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ്

LIBRARY ARCHIVES Kerala Legislative Assembly

ക്ഷാമം പരിഹരിക്കുന്നതിന് 600 മീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുന്നതിനും, 450 മീറ്റർ സിംഗിൾ ഫെയിസ് ലൈൻ ത്രീഫെയ്സ് ലൈൻ ആക്കുന്നതിനും, ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ഒരു വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

ദിവസക്കൂലിക്ക് നിയമിച്ചിട്ടുള്ള കാഷ്യർമാർ

161 (945)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ കാഷ്യർമാരുടെ അഭാവത്തിൽ ദിവസക്കൂലിക്ക് എത്രപേരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ടെന്ന് പേരും ജോലി ചെയ്യുന്ന സ്ഥലവും സഹിതം വിശദമാക്കുമോ;

(ബി) കാഷ്യർ ജൂനിയർ അസിസ്റ്റന്റ് ആയി കേരള പി.എസ്.സി. വഴിയും പ്രൊമോഷൻ വഴിയും സ്ഥിരനിയമനം ലഭിച്ച എത്രപേർ ജൂനിയർ അസിസ്റ്റന്റ് മാത്രമായി ജോലി ചെയ്യുന്നുണ്ടെന്ന് പേരും ജോലി ചെയ്യുന്ന സ്ഥലവും സഹിതം വ്യക്തമാക്കുമോ;

(സി) കാഷ്യർമാർ ആവശ്യത്തിന് വൈദ്യുതി ബോർഡിൽ ഉണ്ടോ എന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ ദിവസക്കൂലിക്ക് താൽക്കാലികമായി കാഷ്യർമാരെ നിയമിക്കുന്നതുമൂലം സംസ്ഥാന വൈദ്യുതി ബോർഡിന് സംഭവിക്കുന്ന സാമ്പത്തിക നഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ 4 കാഷ്യർമാർ ജോലി ചെയ്യുന്നുണ്ട്.

1) ആർ. ഹരിഹര സുബ്രഹ്മണ്യം - (ഇലക്ട്രിക്കൽ മേജർ സെക്ഷൻ, കഞ്ചിക്കോട്).

2) കെ.വി. ശങ്കരനാരായണൻ (ഇലക്ട്രിക്കൽ മേജർ സെക്ഷൻ, കൊടുവായൂർ).

3) തുരപ്പ മന്നാടിയാർ (ഇലക്ട്രിക്കൽ മേജർ സെക്ഷൻ, കൊഴിഞ്ഞാംപാറ)

4) എം. സുബ്രഹ്മണ്യം (ഇലക്ട്രിക്കൽ മേജർ സെക്ഷൻ, വടക്കാഞ്ചേരി)

വിദ്യുച്ഛക്തി ബോർഡിൽ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് യഥാസമയം അറിയിക്കുകയും അവിടെനിന്നും അയച്ചുതന്ന ലിസ്റ്റ് അനുസരിച്ച് നിയമന ഉത്തരവുകൾ ഉദ്യോഗാർത്ഥികൾക്ക് അയയ്ക്കുകയുമാണ് സാധാരണയായി ചെയ്തുവരുന്നത്. ഉദ്യോഗാർത്ഥിയ്ക്ക് നിയമന ഉത്തരവ് അയയ്ക്കുന്നതോടൊപ്പം തന്നെ ഓരോ സർക്കിൾ ഓഫീസിലേയ്ക്കും അനുവദിച്ചിട്ടുള്ള നിശ്ചിത എണ്ണം ജൂനിയർ അസിസ്റ്റന്റ്/കാഷ്യർമാരുടെ വിവരങ്ങൾ സഹിതം അയയ്ക്കുന്നു. ഇവരിൽ

LIBRARY ARCHIVES Kerala Legislative Assembly